# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **1316**     **13.07.2016-** ൽ മറുപടിയ്ക്ക്

## നോർക്കയുടെ തൊഴിൽ വൈദഗ്ദ്ധ്യ പരിശീലന പദ്ധതി

| ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ. കെ.സി.ജോസഫ്<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. അടൂർ പ്രകാശ് | | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>*(മുഖ്യമന്ത്രി)* |
|---|---|---|
| എ) സംസ്ഥാനത്ത് നോർക്ക തൊഴിൽ വൈദഗ്ദ്ധ്യ പരിശീലന പദ്ധതി നടപ്പാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;<br><br>ബി) പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | എ) & ബി) | ഉണ്ട്. വിദേശത്ത് തൊഴിൽ തേടി പോകുന്നവർക്ക് തൊഴിൽപരമായ കഴിവുകൾ മെച്ചപ്പെടുത്തി തൊഴിലിൽ മികവ് പുലർത്തുന്നതിനായി പ്രവാസികാര്യ വകുപ്പ് നടത്തി വരുന്ന തുടർ പദ്ധതിയാണ് 'സ്കിൽ അപ്ഗ്രഡേഷൻ & റീഇന്റഗ്രേഷൻ പ്രോഗ്രാം'. തൊഴിലെടുക്കാൻ പ്രാപ്തിയുള്ള കേരളത്തിലെ യുവാക്കളുടെ തൊഴിൽ വൈദഗ്ദ്ധ്യം വിദേശ തൊഴിൽ വിപണിയിലെ വെല്ലുവിളികൾ നേരിടത്തക്കവിധം മെച്ചപ്പെടുത്തുക എന്നതാണ് 'സ്കിൽ അപ്ഗ്രഡേഷൻ & റീഇന്റഗ്രേഷൻ പ്രോഗ്രാം' കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതുവഴി യുവാക്കളുടെ തൊഴിൽ അഭിരുചി മെച്ചപ്പെടുത്തുക എന്നതാണ് ലക്ഷ്യമാക്കുന്നത്. |
| സി) പ്രസ്തുത പരിശീലന പദ്ധതിക്ക് ആരുടെയൊക്കെ സഹകരണം പ്രയോജനപ്പെടുത്തിയെന്ന് വിശദമാക്കാമോ ; | സി) | സർക്കാർ ഐ.റ്റി.ഐ., പോളിടെക്നിക്ക്, പ്രൈവറ്റ് സ്ഥാപനങ്ങൾ, എൽ.ബി.എസ്, കെൽട്രോൺ എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ തെരെഞ്ഞെടുത്ത തൊഴിൽ മേഖലകളിൽ പരിശീലന പരിപാടികൾ നടത്തിവരുന്നു. |

| | | | |
|---|---|---|---|
| ഡി) | പ്രസ്തുത പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ എടുത്തിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദമാക്കാമോ ? | ഡി) | പദ്ധതി നിർവ്വഹണത്തിനായി 2015-16 സാമ്പത്തിക വർഷത്തിൽ 220 ലക്ഷം രൂപ അനുവദിച്ചിരുന്നു. 2016-17 സാമ്പത്തിക വർഷത്തെക്കായി 2016 ഫെബ്രുവരിയിൽ അവതരിപ്പിച്ച ബജറ്റിൽ 2,00,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**